"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി, സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ - അംഗീകരിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1091/2026/LSGD തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-

1. സ.ഉ(കൈ)നം. 79/2021/ധന തീയതി 15.07.2021
2. സ.ഉ.(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022
4. സ.ഉ.(കൈ)നം.115/2022/തസ്വഭവ; തീയതി 28.05.2022
5. സ.ഉ.(കൈ)നം.90/2023/തസ്വഭവ; തീയതി 09.04.2023
6. സ.ഉ.(കൈ)നം.16/2026/തസ്വഭവ; തീയതി 12.01.2026
7. സ.ഉ.(സാധാ)നം.414/2026/തസ്വഭവ; തീയതി 17.02.2026

**<u>ഉത്തരവ്</u>**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2026-27 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം (6), (7) ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം തയ്യാറാക്കിയ വാർഷിക പദ്ധതി സ്പിൽ ഓവർ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി പരിഷ്കരിക്കുന്നതിന് സർക്കാർ ചുവടെ വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2. 2026-27 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം നേടിയ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും, 2025-26ലെ സ്പിൽഓവർ പ്രോജക്ടുകളും മുൻവർഷങ്ങളിൽ നിർവഹണം ആരംഭിച്ച ബഹുവർഷ പ്രോജക്ടുകളുടെ 2026-27ലെ പ്രോജക്ട് ഘടകവും കൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കേണ്ടതാണ്. സ്പിൽഓവർ പ്രോജക്ടുകൾ ഏതൊക്കെയെന്ന് നിശ്ചയിക്കുന്നതിനും അവ തുടർന്ന് നടപ്പാക്കുന്നതിനും ഉള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 2, 3 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ച മാർഗരേഖകളിലെ ഖണ്ഡിക 11-ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം നിശ്ചയിക്കുന്ന സ്പിൽഓവർ പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ തയ്യാറാക്കി 2026-27 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതാണ്.

3 . പതിനാലാം പഞ്ചവൽസര പദ്ധതിയുടെ തുടക്കത്തിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്ത് നിർബന്ധമായും ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ 2026-27 വാർഷിക പദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ടോ എന്നും മുൻഗണന അർഹിക്കുന്ന പ്രോജക്ടുകൾക്ക് മതിയായ വിഹിതം വകയിരുത്തിയിട്ടുണ്ടോ എന്നും പ്രത്യേകം പരിശോധിക്കേണ്ടതാണ്. പരാമർശം (2), (3) എന്നിവ പ്രകാരം പതിനാലാം പഞ്ചവൽസര പദ്ധതിക്ക് നിശ്ചയിച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത് പ്രോജക്ടുകളുടെ മുൻഗണന നിശ്ചയിക്കേണ്ടതാണ്. ഒപ്പം, പ്രാദേശിക പ്രശ്നങ്ങളും സാധ്യതകളും കണക്കിലെടുത്തുകൊണ്ട് നിശ്ചയിച്ച തനത് ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും ജില്ലാ ആസൂത്രണ കമ്മിറ്റി നൽകുന്ന ജില്ലാതല മുൻഗണനകൾക്കും പ്രാധാന്യം നൽകണം. സബ്സിഡി സംബന്ധമായ മാനദണ്ഡങ്ങൾക്ക് പരാമർശം (4) പ്രകാരമുള്ള മാർഗ്ഗരേഖ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ പദ്ധതി രൂപീകരണ മാർഗരേഖകൾക്കും സബ്സിഡി മാർഗരേഖയ്ക്കും പിന്നീട് നൽകിയിട്ടുള്ള വിശദീകരണങ്ങളും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും കൂടി കണക്കിലെടുക്കേണ്ടതാണ്.

4 . 2026-27 വാർഷിക പദ്ധതി രൂപീകരണത്തിന്റെ തുടക്കത്തിൽ പരാമർശം (6) പ്രകാരം നിർദേശിച്ചിരുന്ന മുൻഗണനാ പരിപാടികൾക്ക് വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നല്കി പ്രോജക്ടുകളായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

5. വാർഷിക പദ്ധതി പരിഷ്കരിക്കുമ്പോൾ, ലഭ്യമാകാവുന്ന ക്യാരിഓവർ തുകയെ സംബന്ധിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് വാർഷിക പദ്ധതിയുടെ അടങ്കൽ തുക നിശ്ചയിക്കുകയും അതിനനുസൃതമായി വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്. വികസനഫണ്ടിന്റെ ഭാഗമായ പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ ഉപപദ്ധതി വിഹിതം എന്നിവയുടെ കാര്യത്തിലും മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിലും പരാമർശം (1) പ്രകാരം അനുവദനീയമായ ക്യാരിഓവർ തുക (പരമാവധി 20 ശതമാനം വരെ) ഉൾപ്പെടുത്താവുന്നതാണ്. പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി വിഹിതങ്ങളിൽ പരാമർശം (1) പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനേക്കാൾ (80 ശതമാനം) കുറഞ്ഞതുക 2025-26 ൽ വിനിയോഗിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ 2026-27 ലെ പൊതു വിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പരിഹാര വകയിരുത്തൽ നടത്തേണ്ടതാണ്. മേല്പറഞ്ഞ പ്രകാരം വാർഷിക പദ്ധതിയുടെ

അടങ്കൽ തുക ക്രമപ്പെടുത്തേണ്ടതിനാൽ അതിനായി പുതിയ പ്രോജക്റ്റുകൾ ഒഴിവാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാവുന്നതാണ്.

6. പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ ഇപ്പോൾ ലഭ്യമായ തുകയ്ക്ക് അനുസൃതമായി പ്രോജക്റ്റുകളുടെ അടങ്കൽ തുക നിജപ്പെടുത്തേണ്ടതാണ്.

7 . പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അന്തിമമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള പ്രോജക്റ്റുകൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതില്ല. അവ വാർഷിക പദ്ധതിയുടെ ഭാഗമാക്കുന്നതിന് പിന്നീട് അവസരം നല്കുന്നതാണ്.

8 . വാർഷിക പദ്ധതി നിർവഹണം ആരംഭിച്ചശേഷം ഭേദഗതിക്ക് അവസരം നൽകണമെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നതിൽ കൂടുതലും, പ്രോജക്റ്റുകളിൽ അധിക വിവരങ്ങൾ ഉൾപ്പെടുത്തി നിർവഹണ യോഗ്യമാക്കുന്നതിന് വേണ്ടിയാണെന്നാണ് മുൻകാല അനുഭവങ്ങൾ കാണിക്കുന്നത്. വാർഷിക പദ്ധതി രൂപീകരണഘട്ടത്തിൽ പ്രോജക്റ്റുകൾ സൂക്ഷ്മതയോടെയല്ലാതെ തയ്യാറാക്കുന്നതു കൊണ്ടാണ് പിന്നീട് നിരവധി തവണ ഭേദഗതി ചെയ്യേണ്ട സാഹചര്യം സംജാതമാകുന്നത്. ഇത് നിർബന്ധമായും ഒഴിവാക്കപ്പെടേണ്ടതാണ്. ആയതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതി പരിഷ്കരിക്കുന്ന ഈ സന്ദർഭത്തിൽ തന്നെ 2026-27 വാർഷിക പദ്ധതിയിലെ ഓരോ പ്രോജക്റ്റിലും ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ശരിയാണോയെന്നും പ്രത്യേകം പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ പ്രോജക്റ്റുകൾ ഇപ്പോൾ ഭേദഗതി ചെയ്ത് നിർവഹണ യോഗ്യമാക്കേണ്ടതുമാണ്. അതുപോലെ സംയുക്ത പ്രോജക്റ്റുകളിൽ പങ്കാളികളാകുന്ന എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും പ്രോജക്റ്റുകൾ പരസ്പരം സോഫ്റ്റ് വെയറിലൂടെ ബന്ധിപ്പിച്ചിട്ടുണ്ടെന്ന് (മാപ്പ് ചെയ്തിട്ടുണ്ടെന്ന്) പരിശോധിച്ച് ഉറപ്പാക്കണം.

9 . 2026-27 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ അംഗീകാരം വാങ്ങാത്ത തദ്ദേശഭരണ സ്ഥാപനങ്ങൾ സ്പിൽ ഓവർ പ്രോജക്റ്റുകൾ കൂടി ഉൾപ്പെടുത്തികൊണ്ട് വാർഷിക പദ്ധതിക്ക് രൂപം നൽകേണ്ടതാണ്.

10. പരിഷ്കരിച്ച വാർഷിക പദ്ധതി **2026 ജൂൺ 30** നകം ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നന്ദന എസ് പിള്ളൈ കെ എ എസ്

അണ്ടർ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
9. തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാകളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
21. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
22. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
23. ഡയറക്ടർ ജനറൽ, കില
24. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
25. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
26. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
27. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-06-2026 10:19:57
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്